പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T.1071

14.06.2012 ൽ മറുപടിയ്ക്ക്

## പന്തല്ലൂർ ക്ഷേത്രഭൂമി കയ്യേറ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ് (ബഹു.റവന്യൂ വകുപ്പ് മന്ത്രി) |
| എ) മലപ്പുറം ജില്ലയിലെ പന്തല്ലൂർ ക്ഷേത്രഭൂമിയിൽ നിന്ന് എത്ര ഏക്കർ ഭൂമിയാണ് കയ്യേറിയിട്ടുള്ളതെന്നും, ആരാണ് കയ്യേറിയതെന്നും വിശദമാക്കാമോ; | എ) മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ പന്തല്ലൂർ വില്ലേജിൽ പന്തല്ലൂർ ദേവസ്വത്തിന്റെ ബ്ലോക്ക് നം.46-ൽ സർവ്വേ നം.246/1,2ൽപ്പെട്ട 131.4030 ഹെക്ടർ (324.56 ഏക്കർ) ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) പ്രസ്തുത ഭൂമി തിരിച്ചുപിടിക്കാൻ ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി തിരിച്ചുപിടിച്ചു എന്നറിയിക്കുമോ? | ബി) ബഹു: ഹൈക്കോടതി 6.04.2011-ന് WP(C) No.9391/2008 കേസിൽ നിർദ്ദേശിച്ചത് പ്രകാരം 28.04.2012-ലെ ജി.ഒ(എം.എസ്) നം.178/2012/ആർ.ഡി പ്രകാരം പ്രസ്തുത ഭൂമി ഗവൺമെന്റിലേക്ക് ഏറ്റെടുക്കുന്നതിന് ഉത്തരവായിരുന്നു. എന്നാൽ ബഹു: ഹൈക്കോടതി 21.05.2012-ന് WP(C) No. 9391/2008 കേസിൽ പെറ്റീഷൻ സമർപ്പിച്ചിട്ടുള്ള ബാലന്നൂർ പ്ലാന്റേഷൻസ് മുതലായവർക്ക് തടസ്സവാദങ്ങളുന്നയിക്കാൻ 3 ആഴ്ച സമയം അനുവദിച്ചിരിക്കയാൽ പ്രസ്തുത ഭൂമി തിരിച്ചു പിടിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം. | കൈവശക്കാർ | ബ്ലോക്ക് | സർവ്വേ നം. | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|
| 1 | മാനേജർ, ബാലന്നൂർ പ്ലാന്റേഷൻ | 46 | 246/1 | 115.8900 |
| 2 | ശ്രീമതി. മേരി മാമൻ തയ്യിൽ എസ്റ്റേറ്റ് | 46 | 246/2 | 1.0805 |
| 3 | ശ്രീമതി.സാറാ മാമൻ തയ്യിൽ എസ്റ്റേറ്റ് | 46 | 246/2 | 1.0765 |
| 4 | ശ്രീമതി.ഓമനാ മാമൻ തയ്യിൽ എസ്റ്റേറ്റ് | 46 | 246/2 | 3.5123 |
| 5 | ശ്രീ.ജേക്കബ് മാത്യു, തയ്യിൽ എസ്റ്റേറ്റ് | 46 | 246/2 | 2.8229 |
| 6 | ശ്രീമതി.മീരാ ഫിലിപ്പ് തയ്യിൽ എസ്റ്റേറ്റ് | 46 | 246/2 | 2.4280 |
| 7 | ശ്രീമതി.ശാന്തമ്മാ മാമൻ തയ്യിൽ എസ്റ്റേറ്റ് | 46 | 246/2 | 3.5123 |
| 8 | അനു മാമൻ തയ്യിൽ എസ്റ്റേറ്റ് | 46 | 246/2 | 1.0805 |
| | | | ആകെ | 131.4030 |

ഉ0